**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3663** **09-10-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കൂൺ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൂൺ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും പദ്ധതിയിൽ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് കൂൺ കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കാക്കൂർ, തൂണേരി, കൊടുവള്ളി, കുന്ദമംഗലം, പേരാമ്പ്ര, തിക്കോടി, കൊയിലാണ്ടി, കുന്നുമ്മൽ എന്നീ ബ്ലോക്കുകളിലാണ് കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര കൂൺ ഗ്രാമം പദ്ധതി. 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകളും 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകളും 1 കൂൺ വിത്തുൽപ്പാദന യൂണിറ്റും 3 കൂൺ സംസ്കരണ യൂണിറ്റുകളും 2 പായ്ക്ക് ഹൗസുകളും 10 കമ്പോസ്റ്റ് ഉൽപ്പാദന യൂണിറ്റുകളും പരിശീലന പരിപാടികളും ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം പദ്ധതി.<br><br>ചെറുകിട കൂൺ ഉത്പാദന യൂണിറ്റിന് പതിനൊന്നായിരത്തി ഇരുനൂറ്റിയമ്പത് രൂപയും, വൻകിട കൂൺ ഉല്പാദന യൂണിറ്റിന് രണ്ടു ലക്ഷം രൂപയും, കൂൺ വിത്തുല്പാദന യൂണിറ്റിന് (സ്പോൺ) രണ്ടുലക്ഷം രൂപയും, കമ്പോസ്റ്റ് യൂണിറ്റിന് അൻപതിനായിരം രൂപയും, പാക്ക്ഹൗസിനു രണ്ടു ലക്ഷംരൂപയും, പ്രിസർവേഷൻ യൂണിറ്റിന് ഒരു ലക്ഷം രൂപയും ധനസഹായം ലഭ്യമാക്കും. പരിശീലന പരിപാടികൾക്കായി ഒരു ലക്ഷം രൂപയും അനുവദിക്കും. ഇപ്രകാരം ഒരു കൂൺ ഗ്രാമത്തിനായി 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് അനുവദിക്കുന്നത്. |
| (ബി) | കൃഷിവകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന കൂൺ കൃഷിയുടെ ഉല്പാദനവും വിതരണവും നടത്തുന്ന സൊസൈറ്റികളോ കമ്പനികളോ നിലവിലുണ്ടോ; എങ്കിൽ അത് ഏതൊക്കെ ജില്ലകൾ കേന്ദ്രീകരിച്ചാണ് | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| | പ്രവർത്തിച്ച വരുന്നതെന്നും സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ